**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3525** **05-08-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട ലോട്ടറി കച്ചവടക്കാരുടെ ബുദ്ധിമുട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട ലോട്ടറി കച്ചവടക്കാർക്ക് ലോട്ടറി ഓഫീസിൽ വന്ന് ടിക്കറ്റ് നേരിട്ട് വാങ്ങിക്കുന്നതിന് കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അധികം വന്ന ടിക്കറ്റ് വൻകിട ലോട്ടറി കച്ചവടക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ? | (ബി) | ഭാഗ്യക്കുറി ടിക്കറ്റ് വിതരണത്തിൽ 8400 ടിക്കറ്റിന് മുകളിൽ ടിക്കറ്റ് എടുക്കുന്ന ഏജന്റുമാർക്കും 8400 ന് താഴെ ടിക്കറ്റ് എടുക്കുന്ന ഏജന്റുമാർക്കും 75:25 എന്ന അനുപാതത്തിലാണ് ടിക്കറ്റ് വിതരണം നടത്തുന്നത്. കോവിഡ് 19 വ്യാപനത്തെതുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിമിത്തം ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കപ്പെടാതെ ഓഫീസുകളിൽ അവശേഷിക്കുന്ന സാഹചര്യങ്ങളിൽ 80:20 എന്ന അനുപാതത്തിൽ വില്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ